## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1192 30.01.2018 - ൽ മറുപടിക്ക്**

# അരൂരിൽ ദേശീയ പാതയിലെ പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ. എം. ആരിഫ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) അരൂർ മണ്ഡലത്തിലെ ദേശീയപാതയിൽ വെള്ളം കെട്ടുന്ന സ്ഥലത്ത് കാന നിർമ്മിക്കുന്നതിന്, എൻ. എച്ച്. ആലപ്പുഴ ഡിവിഷൻ സമർപ്പിച്ചിരുന്ന ഡി. പി. ആർ. സയിന്റിഫിക് സ്റ്റഡി ആവശ്യമാണെന്ന് പറഞ്ഞ് മടക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാന നിർമ്മിക്കുന്നതിന് പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന പ്രോജക്ട് എസ്റ്റിമേറ്റ് പരിഗണിക്കുന്നതാണ് സാധാരണ പതിവെന്നിരിക്കെ, ഡി. പി. ആർ. ഇപ്രകാരം മടക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി), & (സി) | പ്രസ്തുത ഡി.പി.ആർ ഫയലിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായമനുസരിച്ച്, ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ സമർപ്പിക്കാനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) എൻ. എച്ച്. 47 - ൽ അരൂർ ബൈപാസ്, അരൂർ ക്ഷേത്രം, എരമല്ലൂർ, തുറവൂർ എന്നീ സുപ്രധാന ജംഗ്ഷനുകളിലെ സിഗ്നൽ | | |

| | | | |
|---|---|---|---|
| | പ്രദേശത്ത് ഹെവി വാഹനങ്ങൾ സിഗ്നൽ സമയം പാർക്ക് ചെയ്യുന്നതിനാലുണ്ടാകുന്ന വാഹന പ്രഷർ നിമിത്തം റോഡ് ഇടിവാകുന്നത് പരിഹരിക്കാൻ ഇവിടങ്ങളിൽ ടൈൽ പാകാനുള്ള പ്രൊപ്പോസലും ഇതേ കാരണം പറഞ്ഞ് മടക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (ഡി) | ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | എസ്റ്റിമേറ്റുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, ആലപ്പുഴയുടെ വിശദമായ റിപ്പോർട്ടിന് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി എടുക്കുന്നതാണ് |

S. Bindu

സെക്ഷൻ ഓഫീസർ